**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

16.01.2020

# പത്രക്കുറിപ്പ്

## പഴയ സാരിയുമായി വരൂ, പുതിയ സഞ്ചിയുമായി പോകാം

വീട്ടിൽ കൂട്ടിവെച്ചിരിക്കുന്ന പഴയ സാരികളോ പാന്റ്സോ ഉണ്ടെങ്കിൽ അതുമായി നേരെ കനകക്കുന്നിലെ സൂര്യകാന്തി പ്രദർശന നഗരിയിലേക്ക് വന്നാൽ വിവിധതരം തുണി സഞ്ചികളുമായി മടങ്ങാം. കനകക്കുന്നിൽ സൂര്യകാന്തിയിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ശുചിത്വസംഗമം പ്രദർശന വിപണന മേളയിലെ കരകുളം ഗ്രാമീണ പഠന കേന്ദ്രം സ്റ്റാളിലാണ് ഈ സൗകര്യം. പഴയ സാരിയിൽ നിന്നു മാത്രമല്ല ഉപയോഗ ശൂന്യമെന്ന് കരുതി വലിച്ചെറിയുന്ന വിവിധതരം വസ്ത്രങ്ങളിൽ നിന്നും ഉപയോഗപ്രദമായ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കാം എന്ന് ഉറപ്പ് തരുന്നു ഗ്രാമീണ പഠനകേന്ദ്രം.

മോഡേൺ ബാഗുകൾ പലതരം തുണി പൗച്ചുകൾ, ഡോർമാറ്റ്, മറ്റ് അലങ്കാര വസ്തുക്കൾ എന്നിവയൊക്കെ പാഴ്വസ്തുക്കളിൽ നിന്നും നിർമ്മിക്കാൻ ഗ്രാമീണ പഠന കേന്ദ്രം പൊതുജനങ്ങളെ പരിശീലിപ്പിക്കുന്നു.

## ടൂത്ത് ബ്രഷും ഇനി പ്രകൃതിദത്തം

പ്ലാസ്റ്റിക് നിരോധനമാകുമ്പോൾ അതിൽ നിന്നും ടൂത്ത് ബ്രഷ് മാത്രം മാറി നിൽക്കുന്നതെങ്ങനെ. ടൂത്ത് ബ്രഷ് ഉൾപ്പെടെ മുള കൊണ്ടുള്ള നിരവധി പ്രകൃതി സൗഹൃദ ഉത്പന്നങ്ങളാണ് കോഴിക്കോട് നിന്നുള്ള 'സ്വസ്തി ഫൗണ്ടേഷന്റെ' സ്റ്റാളിൽ പ്രദർശനത്തിനും വിപണനത്തിനുമുള്ളത്.

പേപ്പർപേനകൾ സർവസാധാരണമാണെങ്കിലും ഇവിടെയുള്ള പേപ്പർ പേനകൾ പുനരുപയോഗിക്കപ്പെട്ട പേപ്പറുകൾ ഉപയോഗിച്ചുള്ള പേനകളാണ്. പേപ്പർ ഉപയോഗിച്ചുണ്ടാക്കിയ മികച്ചയിനം നോട്ട്ബുക്കുകൾ, പേപ്പർ പൾപ്പ് കൊണ്ടുണ്ടാക്കിയ പെൻസിലുകൾ എന്നിവയും മേളയിലെ ആകർഷണങ്ങളാണ്. കൂടാതെ ചണം കൊണ്ടുള്ള ഷോപ്പിംഗ് ബാഗുകൾ, വേപ്പിന്റെ തടികൊണ്ടുള്ള ചീർപ്പുകൾ, ഹാന്റ് ബാഗുകൾ, ഹാന്റ്ലൂം ബാഗുകൾ, കോട്ടൺ ബാഗുകൾ, പേപ്പർ ബാഗുകൾ എന്നിവയും ഈ സ്റ്റാളിൽ ലഭ്യമാണ്. സാനിട്ടറി നാപ്കിനുകളുടെ ഉപയോഗം കുറച്ച് മെൻസ്ട്രൽ കപ്പുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇതും വിൽപ്പനയ്ക്കുണ്ട്.

## വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരവും ആക്ടിവിറ്റി കോർണറും

ശുചിത്വ സംഗമം പ്രദർശന നഗരിയിൽ ക്വിസ് മത്സരവും ആക്ടിവിറ്റി കോർണറും ശ്രദ്ധേയമാവുന്നു. എല്ലാ ദിവസവും ശുചിത്വമാലിന്യ സംസ്കരണം വിഷയമാക്കി സംഘടിപ്പിച്ചിട്ടുള്ള

ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ നഗരത്തിലെ സ്കൂൾ വിദ്യാർത്ഥികൾ എത്തുന്നുണ്ട്. മേളയിലെത്താൻ ആഗ്രഹിക്കുന്ന സ്കൂളുകൾ മുൻകൂട്ടി സമയക്രമം നിശ്ചയിക്കാനായി 9387801694, 9895029009 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

നിങ്ങളുടെ വീട് ഹരിത വീടാണോ എന്ന് പരിശോധിക്കാം, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കാം തുടങ്ങിയ വിഷയങ്ങളിൽ കമ്പ്യൂട്ടർ ഗെയിമുകൾ സജ്ജമാക്കിയുള്ള ആക്ടിവിറ്റി കോർണറും കുട്ടികളെ ഏറെ ആകർഷഷിക്കുന്നുണ്ട്. മത്സര വിജയികൾക്ക് തത്സമയം സമ്മാനവും നൽകും.

## നദീ സംയോജനം ഡോക്യുമെന്ററി ടീസർ പ്രകാശനം ചെയ്തു

മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ നദീ സംയോജന പദ്ധതിയെ ആധാരമാക്കി ഹരിതകേരളം മിഷൻ നിർമ്മിച്ച ഹ്രസ്വചിത്രം ദി ബർത്ത് ഓഫ് എ റിവറിന്റെ ടീസർ ശുചിത്വ സംഗമം പ്രദർശന നഗരിയിൽ ഹരിതകേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പ്രകാശനം ചെയ്തു. നദികളെ രക്ഷിക്കാൻ അതിന്റെ സിരാ പടലങ്ങളായ തോടുകൾ വീണ്ടെടുക്കണമെന്ന ബോധ്യത്തോടെ രൂപീകരിച്ച ജനകീയ കൂട്ടായ്മയുടെ വിജയഗാഥയാണ് ഡോക്യമുമെന്ററിയുടെ ഉള്ളടക്കം. വിധുവിൻസെന്റാണ് ഹ്രസ്വചിത്രം സംവിധാനം. സാങ്കേതിക നിർവഹണം സി-ഡിറ്റ്. ഹരിതകേരളം മിഷന്റെ വെബ്സൈറ്റിലും ഫോസ്ബുക്ക് പേജിലും ടീസർ കാണാം. ശുചിത്വ സംഗമത്തോടനുബന്ധിച്ച് ഈ മാസം 21 ന് നടക്കുന്ന ചടങ്ങിൽ ജലവിഭവ മന്ത്രി കെ.കൃഷ്ണൻകുട്ടി ഡോക്യുമെന്ററിയുടെ പ്രകാശനം നിർവഹിക്കും.